## 57–ാമത് സംസ്ഥാന സ്കൂൾ കലോത്സവം ചരിത്രത്തിലേയ്ക്ക്

കണ്ണൂരിൽ വച്ച് നടക്കുന്ന 57–ാമത് സംസ്ഥാന സ്കൂൾ കലോത്സവം അക്ഷരാർത്ഥത്തിൽ ഗ്രീൻ പ്രോട്ടോകോൾ കലോത്സവമായി മാറി. 20 വേദികളിലും ഗ്രീൻ പ്രോട്ടോകോൾ പ്രകാരമാണ് മത്സരങ്ങൾ പുരോഗമിക്കുന്നത്. കലോത്സവ വേദികളിൽ പ്ലാസ്റ്റിക്/ഡിസ്പോസിബിൾ പൂർണ്ണമായും ഒഴിവാക്കി. ഫ്ളക്സിനു പകരം കണ്ണൂരിന്റെ തറി, കോട്ടൺ തുണി, ചണം, പായ എന്നീ പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രമാണ് ഉപയോഗിച്ചുവരുന്നത്.

പ്രധാന വേദിയായ കണ്ണൂരിന്റെ ഹൃദയഭാഗത്തുള്ള 'നിള'യിൽ ഗ്രീൻ പ്രോട്ടോകോൾ കമ്മറ്റിയുടെ പവിലിയൻ ഏറെ ശ്രദ്ധിക്കപ്പെട്ടു. തികച്ചും പ്രകൃതി സൗഹൃദ വസ്തുക്കൾ കൊണ്ട് മാത്രം നിർമ്മിച്ച പവലിയൻ കലോത്സവം കാണാനെത്തുന്നവർക്ക് ഫോട്ടോ സെഷൻ വേദിയായി മാറിയത് സ്വാഭാവികം. കലോത്സവ വേദിയിൽ പ്ലാസ്റ്റിക് കവറിൽ ഒരു തരത്തിലുമുള്ള ഭക്ഷണ സാധനങ്ങൾ ലഭ്യമല്ല. മുഴുവൻ ഭക്ഷണ സാധനങ്ങളും പ്രകൃതി സൗഹൃദ വസ്തുക്കളിൽ മാത്രം നൽകി വരുന്നത് ജനങ്ങൾക്ക് പുതിയൊരു അനുഭവമായി മാറി.

ഗ്രീൻ പ്രോട്ടോകോൾ പരിശീലനം നൽകിയ 200 ഓളം ജെ.ആർ.സി വോളണ്ടിയർമാർ പച്ചക്കോട്ടുകൾ ധരിച്ചാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പ്ലാസ്റ്റിക് സഞ്ചിയുമായി ആരെങ്കിലും എത്തിയാൽ ആയത് വാങ്ങിച്ച് പകരം തുണി സഞ്ചി നൽകിയാണ് ഗ്രീൻ വോളണ്ടിയർമാർ കാണികളെ സ്വീകരിക്കുന്നത്. ഇതിനകം സ്പോൺസർഷിപ്പിൽ സമാഹരിച്ച 5500 ൽപ്പരം തുണിസഞ്ചികൾ വിതരണം ചെയ്തിട്ടുണ്ട്. ഓരോ ദിവസവും 25000 പേർക്കാണ് സദ്യ ഒരുക്കികൊണ്ടിരിക്കുന്നത്. വാഴയിലയും സ്റ്റീൽ ഗ്ലാസും ഉപയോഗിച്ചാണ് ഭക്ഷണം നൽകി വരുന്നത്. വളരെ വൃത്തിയായി ഭക്ഷണ ശാലയും, പരിസരവും സൂക്ഷിച്ചുവരുന്നുണ്ട്. ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനത്തിനാവശ്യമായ പ്രകൃതി സൗഹൃദ വേസ്റ്റ് ബിൻ ഉണ്ടാക്കുന്നതിന് കുടുംബശ്രീയുമായി വല്ലംമെടയൽ മത്സരം നടത്തുകയും ആയതിന് വർദ്ധിച്ച സ്വീകാര്യത ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടും പൊതുജനങ്ങൾ വളരെ താത്പര്യപൂർവ്വമാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾക്ക് വലിയ അംഗീകാരം ലഭിച്ചിരിക്കുകയാണ്.